പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2563

19.6.2013 ലെ മറുപടിയ്ക്ക്

## ജലവിമാന സർവ്വീസ്

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| എ) കേരളത്തിൽ പുതിയതായി ആരംഭിച്ചിട്ടുള്ള ജലവിമാന സർവ്വീസ് പദ്ധതി ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ;<br><br>ബി) അനുബന്ധ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന വിശദമാക്കാമോ; | എ & ബി) സംസ്ഥാന സർക്കാർ ഓപ്പൺ സ്കൈ പോളിസിയാണ് ഈ പദ്ധതിയ്ക്കായി സ്വീകരിച്ചിരിക്കുന്നത്. അതിനാൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിയമ പ്രകാരമുള്ള യോഗ്യതകളും അനുമതികളും ലഭ്യമായിട്ടുള്ള എല്ലാ ഏജൻസികൾക്കും പ്രവർത്തനം നടത്താവുന്നതാണ്. പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന് കീഴിലുള്ള സർക്കാർ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ) നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| സി) ജലവിമാന സർവ്വീസ് പദ്ധതിയ്ക്കായി നാളിതുവരെ സർക്കാർ എത്ര തുക ചെലവിട്ടു എന്ന വിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | സി) 16.2.2013 വരെയുള്ള കണക്കുകൾ അനുസരിച്ച് 3,08,35,348/- രൂപ ചെലവായി. അവസാനഘട്ട ബില്ലുകൾ തയ്യാറായി വരുകയാണ്. ഇവ പൂർണ്ണമാകുന്ന മുറയ്ക്ക് മാത്രമേ ഇനം തിരിച്ചുള്ള കണക്കുകൾ നൽകുവാൻ കഴിയുകയുള്ളൂ. |
| ഡി) ജലവിമാന സർവ്വീസ് മത്സ്യത്തൊഴിലാളികളെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;<br><br>ഇ) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ ; | ഡി & ഇ) കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് ജലാശയങ്ങളിലെ മത്സ്യബന്ധനവും വലകളും ഇല്ലാത്ത ഒരു ചെറിയ പ്രദേശം മാത്രമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. എങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനായി പട്ടികജാതി, പിന്നോക്ക ക്ഷേമ, ടൂറിസം വകുപ്പ് മന്ത്രി, ഹുറമുഖ എക്സൈസ്, ഫിഷറീസ് വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ മത്സ്യബന്ധന രംഗത്തെ വിവിധ സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 22.5.2013 ന് ഒരു യോഗം ചേരുകയും കാര്യങ്ങൾ വിശദീകരിക്കുകയും |

ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളെ ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അതാത് മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ആശങ്കകൾ അകറ്റിക്കൊണ്ടായിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

| | |
|---|---|
| എഫ്) സർക്കാർ ഉടമസ്ഥതയിലുള്ള ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിന് ആലോചനകളുണ്ടോ ; | എഫ്) സീപ്ലെയിൻ പദ്ധതിക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക മാത്രമാണ് സർക്കാരിന്റെ ചുമതല. സീപ്ലെയിൻ ഓപ്പറേഷൻസ് ഓപ്പൺ സ്കൈ പോളിസിയുടെ അടിസ്ഥാനത്തിൽ സംരംഭകർ മുഖേന നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സർക്കാർ ഉടമസ്ഥതയിലുള്ള ജലവിമാനങ്ങളെക്കുറിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല. |
| ജി) ഇല്ലായെങ്കിൽ അത്തരത്തിൽ ഈ പദ്ധതി ആവിഷ്കരിക്കുന്നതിന് വേണ്ടിയുള്ള ശ്രമമുണ്ടാകുമോ? | ജി) പ്രാഥമികഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയതിനു ശേഷം മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ